**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3624** **08-10-2025 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള സ്ഥലം അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം വില്ലേജ് ഓഫീസ്, കോട്ടക്കൽ സബ് ട്രഷറി, കോട്ടക്കൽ നഗരസഭ എന്നിവയുടെ കെട്ടിട നിർമ്മാണത്തിനായി രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള സ്ഥലം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; ഇതിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശവും പ്രസ്തുത വിഷയം സംബന്ധിച്ച ഫയലുകളുടെ പകർപ്പും ലഭ്യമാക്കുമോ; | (എ) | കോട്ടക്കൽ സബ് ട്രഷറി നിർമ്മാണത്തിനായി കോട്ടക്കൽ സബ് രജിസ്ട്രാർ ഓഫീസ് വക ഭൂമിയിൽ നിന്നും 5 സെന്റ് ഭൂമി വിട്ടു നൽകുന്നതിന് ഉത്തരവായതിൻപ്രകാരം ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കുറ്റിപ്പുറം വില്ലേജ് ഓഫീസിന് സ്ഥലം വിട്ടു നൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ 150 വർഷം പഴക്കമുള്ള കെട്ടിടം ടി ഭൂമിയിൽ സ്ഥിതിചെയ്യുന്നതിനാൽ ആയത് വിട്ടു നൽകുന്നതിന് ആർക്കിയോളജി വകുപ്പിന്റെ അനുമതി ആവശ്യമാണോ എന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കോട്ടയ്ക്കൽ നഗരസഭയ്ക്ക് കെട്ടിട നിർമ്മാണത്തിനായി ഭൂമി വിട്ടു നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. |
| (ബി) | ഭൂമി കൈമാറ്റം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായെന്ന് വിശദമാക്കുമോ; ഫയലുകൾ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്നും സ്ഥലം കൈമാറുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | കോട്ടക്കൽ സബ് രജിസ്ട്രാർ ഓഫീസിന്റെ ഭൂമി വിട്ടു നൽകുന്നത് സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു.<br><br>കുറ്റിപ്പുറം വില്ലേജ് ഓഫീസ് ഭൂമി വിട്ടു നൽകുന്നത് സംബന്ധിച്ച് ആർക്കിയോളജി വകുപ്പിൽ നിന്നും മറുപടി ലഭ്യമാകേണ്ടതുണ്ട്. ടി മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ആർക്കിയോളജി വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമാകുന്നതിനനുസരിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ